പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1498 03.10.2016 ൽ - മറുപടിക്ക്

## ഭക്ഷ്യ സുരക്ഷാ നിയമം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ. പ്രദീപ് കുമാർ<br>,, സി.കെ. ഹരീന്ദ്രൻ<br>ശ്രീമതി പി. അയിഷാ പോറ്റി<br>ശ്രീ. കെ. വിജയദാസ് : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽസപ്ലൈസും<br>വകുപ്പുമന്ത്രി) |
| (എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ ; | (എ) 05.07.2013 മുതൽ പ്രാബല്യം നൽകിക്കൊണ്ട് 10.07.2013 ലെ 29-ാം നമ്പർ ഗവൺമെന്റ് ഓഫ് ഇൻഡ്യ അസാധാരണ ഗസറ്റിലൂടെ വിജ്ഞാപനം ചെയ്യപ്പെട്ട ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം, 2013 കേരള സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് 02.12.2013 ലെ സ.ഉ. (കൈ) നം.53/2013/ഭ.സി.സ.വ പ്രകാരം ഉത്തരവായിട്ടുള്ളതാണ്. |
| (ബി) ഈ നിയമം പ്രാബല്യത്തിൽ വരുന്നതോടെ മുൻഗണനാ / മുൻഗണനേതര വിഭാഗത്തിങ്ങളിൽപ്പെട്ട ഉപഭോക്താക്കൾക്ക് ലഭിക്കുന്ന റേഷൻ സാധനങ്ങൾ എന്തൊക്കെയാണ്. ; | (ബി) ദേശീയ ഭക്ഷ്യ സുരക്ഷാ നിയമപ്രകാരം 14.25 മെ.ടൺ ആണ് വാർഷിക അലോട്ട്മെന്റ് ആയി സംസ്ഥാനത്തിന് ലഭിക്കുന്നത്. ആയതിൽ 10.13 ലക്ഷം മെ.ടൺ മുൻഗണനാ വിഭാഗത്തിൽപ്പെടുന്ന 1.54 കോടി ജനങ്ങൾക്ക് നൽകുവാൻ കഴിയുന്നതാണ്. മുൻഗണനാ വിഭാഗത്തിൽപ്പെടുന്നവർക്ക് . 5 കിലോഗ്രാം ഭക്ഷ്യധാന്യം ഓരാളിനും 35 കിലോഗ്രാം ഭക്ഷ്യധാന്യം എ.എ.വൈ. കാർഡിനും നൽകുന്നതാണ്. മുൻഗണനേതര വിഭാഗങ്ങൾക്ക് നൽകുന്നതിനായി 4.12 ലക്ഷം മെ.ടൺ ഭക്ഷ്യ ധാന്യം പ്രതിവർഷം ലഭിക്കും. |
| (സി) മുൻഗണനാ വിഭാഗതത്തിൽപ്പെട്ടവരെ കണ്ടെത്തുന്നതിന് സ്വീകരിച്ച മാനദണ്ഡം എന്തെന്ന് വ്യക്തമാക്കുമോ; മുൻസർക്കാർ പ്രഖ്യാപിച്ച മാനദണ്ഡങ്ങളിൽ പാവപ്പെട്ടവർക്ക് ഗുണകര മായ മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ അവ എന്തെല്ലാമാണെന്ന് വിശദമാ ക്കാമോ ; | (സി) മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നത് തദ്ദേശസ്വയം ഭരണ വകുപ്പിന്റെ 01.01.2011 ലെ സ.ഉ(കൈ)നം. 16/11/ത.സ്വ.ഭ.വ. ഉത്തരവിനെ അടിസ്ഥാനമാക്കിയാണ്. റേഷൻ കാർഡുകൾ പുതുക്കുന്നതിന്റെ ഭാഗമായി പ്രീ-പോപ്പുലേറ്റഡ് ഫോമുകൾ റേഷൻ കടകൾ വഴി അതാത് റേഷൻ കാർഡുടമകൾക്ക് വിതരണം ചെയ്യുകയും കുടുംബത്തിലെ മുതിർന്ന വനിതാ അംഗത്തിന്റെ ഫോട്ടോ എടുക്കുകയും ചെയ്തിട്ടുള്ളതാണ്. പട്ടിക വർഗ്ഗത്തിലെ ക്ലാസ് ഫോർ ജീവനക്കാരെ കൂടി മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) ഈ നിയമം സംസ്ഥാനത്തുള്ള സാർവ്വത്രിക റേഷനിംഗ് സമ്പ്രദായത്തെ ഏതെങ്കിലും തരത്തിൽ ബാധിക്കാനിടയുണ്ടോ; വ്യക്തമാക്കുമോ ? | ബാധിക്കാനിടയില്ല. |

സെക്ഷൻ ഓഫീസർ